ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പുതു തലമുറ ആശയവിനിമയ ഉപഗ്രഹം ബ്ലൂബേർഡ് ബ്ലോക്ക്-2 ഭ്രമണപഥത്തിൽ എത്തിക്കാനൊരുങ്ങി ഐ.എസ്.ആർ.ഒ; വിക്ഷേപണം രാവിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ.

   **ISRO to launch next-generation communication satellite Bluebird Block-2 today; launch to be held at Satish Dhawan Space Centre in the morning.**

2. മേഖലയുമായി ബന്ധപ്പെട്ട സമ്മേളനമുൾപ്പെടെ വിവിധ പരിപാടികളിൽ പങ്കെടുക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഹരിയാന സന്ദർശിക്കും.

   **Union Home Minister Amit Shah will visit Haryana today to attend various events including a conference related to the cooperative sector.**

3. വ്യാജ വിത്തുകളുടെയും വളത്തിന്റെയും വിൽപ്പന തടയുന്നതിന് കർശന നിയമങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan said that strict rules will be brought to prevent the sale of fake seeds and fertilizers.**

4. കേരളത്തിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു; ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് ആരോഗ്യ വകുപ്പ്.

Bird flu confirmed in Alappuzha and Kottayam districts of Kerala; Health Department issues alert.

5. ബംഗ്ലാദേശിലെ അക്രമ സംഭവങ്ങളിൽ ഹൈക്കമ്മീഷണർ റിയാസ് ഹമീദുള്ളയെ വിളിച്ചുവരുത്തി ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രാലയം.

The Ministry of External Affairs summons High Commissioner Riyaz Hamidullah to express concern over violence in Bangladesh.

6. ശ്രീലങ്കയ്ക്കെതിരായ രണ്ടാം വനിതാ ടി-20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് ഏഴു വിക്കറ്റിന് വിജയം.

India wins the second women's T20 cricket match against Sri Lanka by seven wickets.

**ISRO (INTRO)**

പുതു തലമുറ ആശയവിനിമയ ഉപഗ്രഹം ബ്ലൂബേർഡ് ബ്ലോക്ക്-2 ഭ്രമണപഥത്തിൽ എത്തിക്കാനൊരുങ്ങി ഐഎസ്ആർഓ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ രാവിലെയാണ് വിക്ഷേപണം. ഐഎസ്ആർഒയുടെ LVM3-M6 റോക്കറ്റ് ആണ് അമേരിക്കയുടെ AST സ്പേസ് മൊബൈൽ Bluebird block-2 ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുക.

ഒരു റിപ്പോർട്ട്.....

(വോയിസ്)

**ISRO (VOICE)**

ടവറുകളും ഒപ്ടിക്കൽ ഫൈബർ കേബിളുകമില്ലാതെ മൊബൈൽ ഫോണുകളിൽ നേരിട്ട് ഇൻറർനെറ്റെത്തിക്കുന്ന ലോകത്തെ ആദ്യ ഉപഗ്രഹമാണ് ബ്ളൂബേർഡ് ബ്ലോക്ക് -2. അമേരിക്കൻ കമ്പനിയായ എ.എസ്.ടി മൊബൈലിനു വേണ്ടിയാണ് വിക്ഷേപണം. ലോകമെമ്പാടുമുള്ള സ്മാർട്ട്ഫോണുകളിൽ നേരിട്ട് അതിവേഗ സെല്ലുലാർ ബ്രോഡ്ബാൻഡ് ലഭ്യമാക്കുന്ന പുതു തലമുറ ഉപഗ്രഗഹമാണിത്. ഇതോടെ ടവറുകളും ഒപ്ടിക്കൽ ഫൈബർ കേബിളും സമീപഭാവിയിൽ കാലഹരണപ്പെട്ടേയ്ക്കും. ഐ.എസ്.ആർ.ഒ യുടെ ചരിത്രത്തിലെ ഏറ്റവും ഭാരമേറിയ ഉപഗ്രഹവിക്ഷേപണമാണ് ഇന്ന് രാവിലെ 8.54 ന് ശ്രീഹരിക്കോട്ടയിൽ നടക്കുന്നത്. 6500 കിലോഗ്രാമാണ് ഭാരം. ഭൂമിയിൽ നിന്ന് 520 കിലോമീറ്റർ അകലെയാണ് ഭ്രമണപഥം നിശ്ചയിച്ചിരിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി....

## DRDO-AKASH

പുതു തലമുറ ആകാശ് സിസ്റ്റത്തിന്റെ ഉപയോക്തൃ മൂല്യനിർണയ പരീക്ഷണങ്ങൾ DRDO വിജയകരമായി പൂർത്തിയാക്കി. പരീക്ഷണ വേളയിൽ, അതിർത്തിയോട് അടുത്ത് വ്യത്യസ്ത ശ്രേണികളിലും ഉയരങ്ങളിലുമുള്ള വ്യോമ ലക്ഷ്യങ്ങളെ മിസൈലുകൾ വിജയകരമായി തകർത്തുവെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. പരീക്ഷണ വിജയത്തിൽ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ് ബന്ധപ്പെട്ട എല്ലാവരെയും അഭിനന്ദനം അറിയിച്ചു.

## AMIT SHAH VISIT-PANCHKULA VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഹരിയാന സന്ദർശിക്കും. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സമ്മേളനം, ഹരിയാന

പോലീസ് പാസിംഗ് ഔട്ട് പരേഡ്, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പ്രതിമ അനാച്ഛാദനം ഉൾപ്പെടെ വിവിധ പരിപാടികളിൽ ശ്രീ അമിത് ഷാ പങ്കെടുക്കും. പഞ്ച്കുലയിലെ സെക്ടർ 5 ലെ ഇന്ദ്രധനുഷ് ഓഡിറ്റോറിയത്തിൽ നടക്കുന്ന വീർ ബാൽ ദിവസ് പരിപാടിയിലും കേന്ദ്ര ആഭ്യന്തരമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## AID TO SRILANKA- S JAISANKAR (INTRO)

ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയുടെ പുനർനിർമാണത്തിന് 450 ദശലക്ഷം രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ. ശ്രീലങ്ക സന്ദർശിക്കുന്ന വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ശ്രീലങ്കൻ വിദേശകാര്യ മന്ത്രി വിജിത ഹെറാതുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം മാധ്യമങ്ങളുമായി സംവദിച്ചു. ഇന്ത്യയുടെ അയൽപക്കം ആദ്യം എന്ന നയത്തിനും മഹാസാഗർ നയത്തിനും അനുസൃതമായി, ശ്രീലങ്ക ചുഴലിക്കാറ്റ് മൂലമുണ്ടായ പ്രതിസന്ധിയും സാമ്പത്തിക ബുദ്ധിമുട്ടുകളും നേരിട്ട സമയത്ത് ഇന്ത്യ അതിവേഗം സഹായം നൽകിയതായി അദ്ദേഹം പറഞ്ഞു.

(വോയിസ്...)

❁❁❁❁❁❁❁❁❁❁❁❁❁

## CHOUHAN ANNOUNCES FARM LAWS (Intro)

വ്യാജ വിത്തുകളുടെയും വളത്തിന്റെയും വിൽപ്പന തടയുന്നതിന് കർശന നിയമങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വരാനിരിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ രണ്ട് പുതിയ നിയമങ്ങൾ അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാജസ്ഥാനിൽ

സംഘടിപ്പിച്ച കർഷക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാൻമന്ത്രി ഫസൽ ബീമാ

യോജനയിലെ പോരായ്മകൾ പരിഹരിക്കാൻ സർക്കാർ പ്രവർത്തിക്കുന്നതായും കൃഷി മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

## CIVIL AVIATION – INDIA

അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ – ICAO കൗൺസിലിലേക്ക് ഇന്ത്യ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവാണ് ഇക്കാര്യം അറിയിച്ചത്. വ്യോമയാന മേഖലയിൽ വികസ്വര രാജ്യങ്ങൾക്ക് സഹായം നൽകുന്നതിലും ICAO മാനദണ്ഡങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്ന രാജ്യമായി ഇന്ത്യ ഉയർന്നുവന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## RAM MOHAN NAIDU AIRLINE MEET

കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ പുതിയ വിമാനക്കമ്പനികളുമായി കൂടിക്കാഴ്ച നടത്തിയതായി ശ്രീ രാംമോഹൻ നായിഡു അറിയിച്ചു. ശംഖ് എയർ, അൽ ഹിന്ദ് എയർ, ഫ്ലൈഎക്സ്പ്രസ് എന്നീ വിമാനക്കമ്പനികൾക്ക് ഇതിനകം മന്ത്രാലയത്തിൽ നിന്ന് NOC ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

## COAST GUARD SAMUDRA PRATAP

ആദ്യത്തെ മലിനീകരണ നിയന്ത്രണ കപ്പലായ സമുദ്ര പ്രതാപ് ഇന്ത്യൻ തീരദേശ സംരക്ഷണ സേനയുടെ ഭാഗമായി. ഇന്നലെ ഗോവ ഷിപ്യാർഡ് ലിമിറ്റഡിൽ നടന്ന ചടങ്ങിലാണ് കപ്പൽ തീരദേശ സംരക്ഷണ സേനയ്ക്ക് കൈമാറിയത്.

## INDIAN RAILWAYS WILDLIFE

റെയിൽവേ ട്രാക്കിൽ വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് തുടരുന്ന സാഹചര്യത്തിൽ ഇത് തടയാൻ എഐ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുമെന്ന് റെയിൽവേ. വന്യമൃഗ സാധ്യതയുള്ള മേഖലകളിൽ എഐ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം സ്ഥാപിക്കും. ഇതുവഴി അര കിലോമീറ്റർ മുൻപേ ലോക്കോ പൈലറ്റുമാർക്ക് മുന്നറിയിപ്പ് ലഭിക്കും. പരീക്ഷണാടിസ്ഥാനത്തിൽ വടക്ക് കിഴക്കൻ റെയിൽവേയിൽ 141 കിലോമീറ്ററിൽ ഇത് സ്ഥാപിച്ചത് വിജയകരമാണ്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

## MEA BANGLADESH HIGH COMMISSIONER

ബംഗ്ലാദേശിലെ അക്രമ സംഭവങ്ങളിൽ ഹൈക്കമ്മീഷണർ റിയാസ് ഹമീദുള്ളയെ വീണ്ടും വിളിച്ചുവരുത്തി ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രാലയം. കഴിഞ്ഞ ആഴ്ച ഹൈക്കമ്മീഷണറെ വിളിച്ചുവരുത്തി ബംഗ്ലാദേശിലെ സുരക്ഷാ അന്തരീക്ഷം വഷളാകുന്നതിൽ ഇന്ത്യയുടെ ശക്തമായ ആശങ്കകൾ അറിയിച്ചിരുന്നു. ബംഗ്ലാദേശിലെ ന്യൂനപക്ഷ ഹിന്ദുക്കൾക്കെതിരായ അതിക്രമങ്ങളിലും ദിപു ചന്ദ്ര ദാസിനെ

ആൾക്കൂട്ടം കൊലപ്പെടുത്തിയതിലും നിരവധി സംഘടനകൾ ഇന്നലെ ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷന് പുറത്ത് പ്രതിഷേധിച്ചു. തുടർന്ന് ഹൈക്കമ്മീഷന് പുറത്ത് സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. അതേസമയം, ബംഗ്ലാദേശിലെ സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ദിപു ചന്ദ്ര ദാസിനെ കൊലപ്പെടുത്തിയ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## SIR (INTRO)

സംസ്ഥാനത്ത് നടക്കുന്ന തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരടു വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത എ.എസ്.ഡി പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## AVIAN INFLUENZA ALERT

കേരളത്തിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. നന്നായി വേവിച്ച കോഴിയിറച്ചി മാത്രമേ കഴിക്കാവൂ എന്നും പച്ചമാംസം കൈകാര്യം ചെയ്യുന്നവർ മാസ്ക് ധരിക്കണമെന്നും ആരോഗ്യവകുപ്പ് നിർദേശിച്ചു. താറാവുകളിലും കോഴികളിലുമാണ് അണുബാധ കണ്ടെത്തിയിരിക്കുന്നത്. പക്ഷികളെ കൊല്ലുന്നത്

ഉൾപ്പെടെയുള്ള നിരീക്ഷണവും നിയന്ത്രണ നടപടികളും ജില്ലാ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശക്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

മണ്ഡല പൂജയോടനുബന്ധിച്ച് ശബരിമല ദർശനത്തിന് വെർച്വൽ ക്യൂ, സ്‌പോട്ട് ബുക്കിംഗ് എന്നിവയിൽ നിയന്ത്രണം. തങ്ക അങ്കി ഘോഷയാത്ര സന്നിധാനത്ത് എത്തുന്ന ഈമാസം 26 ന് 30,000 പേരെയും മണ്ഡലപൂജ നടക്കുന്ന ശനിയാഴ്ച 35,000 പേരെയുമേ വെർച്വൽ ക്യൂ വഴി അനുവദിക്കുകയുള്ളൂ. സ്‌പോട്ട് ബുക്കിംഗ് 2,000 ആയി നിജപ്പെടുത്തി. മണ്ഡല പൂജയ്ക്ക് ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുള്ള രഥഘോഷയാത്ര ഇന്നലെയാണ് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## CHRISTMAS- CHURCH

ക്രിസ്തുമസ് ആഘോഷങ്ങളുടെ പ്രാർഥനയിലും സന്തോഷത്തിലും കേരളത്തിലെ ദേവാലയങ്ങൾ. പുൽക്കൂട്ടിൽ പിറന്ന രക്ഷകന്റെ തിരുനാൾ ആഘോഷിക്കാനൊരുങ്ങുകയാണ് നാടും നഗരവും. ദീപാലങ്കാരങ്ങളും നക്ഷത്രങ്ങളും പുൽക്കൂടുകളും ഒരുക്കി പള്ളികൾ ക്രിസ്തുസ് ആഘോഷങ്ങളെ വരവേൽക്കുകയാണ്. പ്രധാന പള്ളികളുടെയും സമീപ റോഡുകളുടെയും വർണാഭമായ അലങ്കാരം നഗരപ്രദേശങ്ങളിൽ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. നാളെയാണ് ക്രിസ്തുമസ്.

❁❁❁❁❁❁❁❁❁❁❁❁❁

## NATIONAL CONSUMER DAY

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ഉപഭോക്തൃ അവകാശങ്ങളുടെ പ്രാധാന്യവും ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം

സൃഷ്ടിക്കുവാനും എല്ലാ വർഷവും ഉപഭോക്തൃ ദിനം ആചരിക്കുന്നു. ഉപഭോക്താക്കൾക്കായി സമഗ്രമായ അവകാശങ്ങൾ സ്ഥാപിച്ചുകൊണ്ട് 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് ഈ ദിവസമാണ്. സംരക്ഷിക്കപ്പെടാനുള്ള അവകാശം, അറിയിക്കാനുള്ള അവകാശം, ഉറപ്പുനൽകാനുള്ള അവകാശം, കേൾക്കാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ അവബോധത്തിനുള്ള അവകാശം എന്നിവ നിയമത്തിൽ ഉൾപ്പെടുന്നു.

## WOMENS T-20 CRICKET

ഇന്നലെ വിശാഖപട്ടണത്ത് നടന്ന വനിതകളുടെ രണ്ടാം അന്താരാഷ്ട്ര ടി-20 മത്സരത്തിൽ ശ്രീലങ്കയെ ഏഴു വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ. ശ്രീലങ്ക ഉയർത്തിയ 129 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 11.5 ഓവറിൽ ലക്ഷ്യം കണ്ടു. ഇന്ത്യയ്ക്കായി ഷഫാലി വെർമ്മ 34 പന്തിൽ നിന്ന് 69 റൺസ് നേടി പുറത്താകാതെ നിന്നു. ടോസ് നേടിയ ഇന്ത്യ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യയ്ക്കായി വൈഷ്ണവി ശർമ്മയും എൻ. ശ്രീ ചരണിയും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. ഹർഷിത സമരവിക്രമയാണ് ശ്രീലങ്കയുടെ ടോപ് സ്കോറർ. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ മുന്നിലാണ്. പരമ്പരയിലെ അടുത്ത മത്സരം ഡിസംബർ 26 ന് തിരുവനന്തപുരത്ത് നടക്കും.